# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5044

30.06.2014- ൽ മറുപടിക്ക്

## തുറമുഖവകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ. വി. ശശി :

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തുറമുഖ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ എന്തൊക്കെയെന്നും അതിന് വേണ്ടി ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ;

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം തുറമുഖ വകുപ്പ് തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കിയ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു

- വലിയതുറയിൽ ആസ്ഥാന മന്ദിര നിർമ്മാണം 1.89 കോടി രൂപ ചെലവിൽ പൂർത്തിയാക്കി.
- വിഴിഞ്ഞത്ത് 126 ലക്ഷം രൂപ ചെലവിൽ ട്രാൻസിറ്റ് ഷെഡ് നിർമ്മിച്ചു.
- വിഴിഞ്ഞം, ലീവേർഡ് ബ്രേക്ക് വാട്ടറിൽ നിലവിലുള്ള വാർഫിനു മുന്നിൽ 4 മീറ്റർ വീതിയിൽ വാർഫ് നിർമ്മിക്കുന്നതിന് 520 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് വർക്ക് ഓർഡർ നൽകി. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു

(ബി) നടപ്പ് സാമ്പത്തിക വർഷം തുറമുഖ വകുപ്പിൻ കീഴിൽ തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കാൻ തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികളുടെ മുൻഗണനാ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) മുൻഗണനാ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- വലിയതുറയിൽ കടൽ പാലത്തിന്റെ നവീകരണവും കടൽപ്പാലത്തിലേക്ക് റാമ്പ് നിർമ്മാണവും.
- വലിയതുറ കടൽപ്പാലത്തിന് കൈവരി നിർമ്മാണം.
- വലിയതുറയിൽ സിഗ്നൽ സ്റ്റേഷൻ പുനരുദ്ധാരണം
- വലിയതുറ ഗസ്റ്റ് ഹൗസ് നിർമ്മാണം.
- കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി വിഴിഞ്ഞം തുറമുഖത്തുകൂടി വ്യാപിപ്പിക്കൽ.
- വിഴിഞ്ഞത്ത് ചാനൽ മാർക്കിംഗ് ബോയ സ്ഥാപിക്കൽ.
- വിഴിഞ്ഞം തുറമുഖത്തിന് പൈലറ്റ് ബോട്ട് വാങ്ങൽ
- വിഴിഞ്ഞം തുറമുഖത്ത് റീച്ച് സ്റ്റേക്കർ സ്ഥാപിക്കൽ
- വിഴിഞ്ഞം തുറമുഖത്ത് വേ ബ്രിഡ്ജ് സ്ഥാപിക്കൽ

(സി) ജില്ലയിൽ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും പ്രവൃത്തികൾ മുടങ്ങി കിടപ്പുണ്ടോ; ഉണ്ടെങ്കിൽ എന്തുകാരണത്താലാണ് മുടങ്ങി കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) റാമ്പ്, കൈവരി (കടൽപ്പാലത്തിന്റെ) എന്നിവയുടെ നിർമ്മാണം, ആസ്ഥാന മന്ദിര പരിസരത്തേക്കുള്ള പ്രവേശന കവാടത്തിൽ ഗേറ്റ് സ്ഥാപിക്കൽ എന്നിവ തദ്ദേശ വാസികളുടെ എതിർപ്പിനെ തുടർന്ന് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ